**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2996** **14-02-2024 - ൽ മറുപടിയ്ക്ക്**

**വയനാട്ടിൽ കടുവ ആക്രമണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത്, പ്രത്യേകിച്ച് വയനാട്ടിൽ കടുവ ആക്രമണം രൂക്ഷമായതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വിശദമാക്കാമോ; | (എ) | ഉണ്ട്.<br><br>കർണ്ണാടക സംസ്ഥാനത്തിലെ ബന്ദിപ്പൂർ, നാഗർഹോള എന്നീ കടുവാ സങ്കേതങ്ങളുമായും, തമിഴ്നാട് സംസ്ഥാനത്തിലെ മുതുമലൈ കടുവ സങ്കേതമായും അതിർത്തി പങ്കിടുന്ന പ്രദേശമാണ് വയനാട് വന്യജീവി സങ്കേതം. പ്രായാധിക്യത്താൽ ഇര പിടിക്കാൻ സാധിക്കാത്തവയോ, ഏതെങ്കിലും വിധത്തിലുള്ള പരിക്ക് പറ്റിയതോ ആയ കടുവകളാണ് കാടിനുപുറത്തേക്ക് ഇറങ്ങി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതെന്ന് മനസ്സിലാക്കിയിട്ടുണ്ട്.<br><br>കൃത്യമായ പരിപാലനം നടത്താത്തതിനാൽ എസ്റ്റേറ്റുകളിലും, മറ്റു തോട്ടങ്ങളിലും അടിക്കാടുകൾ വളർന്നു കിടക്കുന്നതിനാലും കടുവ ഉൾപ്പെടെ വന്യജീവികൾ തമ്പടിച്ച് പ്രദേശവാസികൾക്ക് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതിന് കാരണമാകുന്നുണ്ട്. കാടുവെട്ടുവാൻ തോട്ടം ഉടമകൾക്ക് നിർദ്ദേശം നൽകുന്നതിന് ജില്ലാ വികസന സമിതി യോഗത്തിൽ തഹസിൽദാർ മുഖേന നിർദ്ദേശം കൊടുക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | അസുഖം ബാധിച്ചതും പരിക്ക് പറ്റിയതും ഇര തേടാനാവാത്തതുമായ കടുവകളാണ് കൂടുതലായി നാട്ടിലേക്ക് ഇറങ്ങുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് .<br><br>വയനാട് ജില്ലയിൽ വളർത്തുമൃഗങ്ങളെയും മനുഷ്യരെയും ആക്രമിച്ച കടുവകൾ അസുഖം ബാധിച്ചതും പരിക്ക് പറ്റിയതും പ്രായാധിക്യത്താൽ കാട്ടിൽ സ്വാഭാവികമായ രീതിയിൽ ഇര തേടാൻ കഴിയാത്തവയാണ്. ഇത്തരത്തിൽ ജനവാസ മേഖലയിൽ പ്രശ്നങ്ങൾ ഉണ്ടാക്കുന്ന കടുവകളെ കൂടുവച്ചും മയക്കുവെടി വച്ചും പിടികൂടി സുൽത്താൻ ബത്തേരി ആനിമൽ ഹോസ് സ്പേസ് സെന്റർ ആന്റ് പാലിയേറ്റീവ് കെയർ യൂണിറ്റിൽ അല്ലെങ്കിൽ |

| | | | |
|---|---|---|---|
| | | | **ഉചിതമായ മറ്റ് സംരക്ഷണ കേന്ദ്രങ്ങളിലോ പാർപ്പിച്ച് ചികിൽസ നൽകി സംരക്ഷിക്കുകയാണ് ചെയ്തു വരുന്നത്. നിലവിൽ വയനാട് വന്യജീവി സങ്കേതത്തിലുള്ള ആനിമൽ ഹോസ് സ്പേസ് സെന്റർ ആന്റ് പാലിയേറ്റീവ് കെയർ യൂണിറ്റിൽ വയനാട് ജില്ലയിലെ വിവിധ മേഖലകളിൽനിന്നും പിടികൂടിയ 7 കടുവകളെ ചികിൽസിച്ചു വരുന്നു.** |
| (സി) | ഇത്തരത്തിലുള്ള കടുവകളെ നിരീക്ഷിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (സി) | **ഓരോ 4 വർഷം കൂടുന്തോറും ദേശീയ തലത്തിൽ കടുവകളുടെ കണക്കെടുപ്പ് നടത്തി വരുന്നുണ്ട്. കേരളത്തിൽ 2014, 2018, 2022 വർഷങ്ങളിലാണ് കടുവകളുടെ കണക്കെടുപ്പ് നടത്തിയിട്ടുള്ളത്. ഇതു കൂടാതെ, ഇത്തരത്തിൽ പ്രശ്നബാധിതമായ സ്ഥലങ്ങളിൽ ക്യാമറാ ട്രാപ്പുകൾ, ലൈവ് ക്യാമറകൾ, ഡ്രോൺ തുടങ്ങിയ സംവിധാനങ്ങൾ ഉപയോഗിച്ച് നിരീക്ഷണം നടത്തി വരുന്നുണ്ട്.** |

സെക്ഷൻ ഓഫീസർ